(ബി) വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. പുതിയ പാഠ്യ പദ്ധതി കലാപഠനത്തിനും കായികപഠനത്തിനും കൂടെ പ്രാധാന്യം നൽകിയിട്ടുണ്ട്. അദ്ധ്യാപകർക്കായി വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനായുള്ള പരിശീലനവും നൽകിയിട്ടുണ്ട്. അക്കാദമിക് തല മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ സ്കൂൾ വികസനപ്രവർത്തനങ്ങൾ

82 (1118) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ കൊട്ടാരക്കര, കുളക്കട, വെളിയം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ പരിധിയിൽപ്പെടുന്ന സ്കൂളുകളിൽ 2014-15 സാമ്പത്തിക വർഷം അടിസ്ഥാനസൗകര്യ വികസനത്തിനും സ്കൂൾ വികസനത്തിനുമായി എത്ര തുക ലഭിച്ചിരുന്നു;

(ബി) പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു ;

(സി) ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സ്കൂൾ തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1,63,71,692 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) 12,48,525 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധം I-ലും II-ലുമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

കൊയിലാണ്ടി ഗവൺമെന്റ് ഹൈസ്കൂളിന് സി.എച്ച്. മുഹമ്മദ് കോയയുടെ നാമധേയത്തിൽ കെട്ടിടം

83 (1119) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി ഗവൺമെന്റ് ഹൈസ്കൂളിൽ മുൻ മുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ്കോയയുടെ നാമധേയത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly